കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
ഫോൺ – 04912520145
email – dopkd.ksad@kerala.gov.in

www.ksad.kerala.gov.in

# നാഗലശ്ശേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-19

നം.കെ.എസ്.എ-പികെഡി20/1374/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
ഇ-മെയിൽ - dopkd.ksad@kerala.gov.in
Phone-04912520145

തീയതി - 02.02.2021

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നാഗലശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നാഗലശ്ശേരി ഗ്രാമപഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നാഗലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പി.കെ.ഡി20/1374/2020 തീയതി – 02.02.2021

പാലക്കാട് ജില്ലയിലെ നാഗലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ നാഗലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 17-05-2019 മുതൽ 20.11.2020 വരെ വിവിധ ഇനങ്ങളിലായി പഞ്ചായത്ത് നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സ്ഥാപന തലവന്റെ ശ്രദ്ധയിൽപ്പെടുത്തുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എൻ.സതീശൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20-11-2020 മുതൽ 01-12-2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.പി.ജി.സദാനന്ദൻ<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കെ.പി.മുഹമ്മദ് ഫാറൂക്ക്<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ കെ.വി.രാജൻ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | മുഹമ്മദ് ഹിഷാം<br>ഓഡിറ്റർ (23.11.20 മുതൽ) |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. എം. രജിഷ | 01.04.2018 - 31.03.2019 |
| സെക്രട്ടറി | ശ്രീ. ഹരികുമാർ കെ. ജി. | 01.04.2018 - 06.08.2018 |
| | ശ്രീ. അഭയൻ ബി (ചാർജ്ജ്)<br>അസി. സെക്രട്ടറി | 07.08.2018 – 02.10.2018 |
| | ശ്രീമതി. രഞ്ജിമ. ടി | 03.10.2018 – 24.03.2019 |
| | ശ്രീമതി. ജിജി. ബി | 25.03.2019 – 31.03.2019 |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | അഭയൻ. ബി | 01.04.2020 – 07.10.2018 |
| | സപ്ന കെ നായർ | 08.10.2018 – 31.10.2018 |
| | ജിജി ബി | 01.11.2018 – 31.03.2019 |
| കൃഷി ഓഫീസർ | രശ്മി കൃഷ്ണൻ വി | 01.04.2018 – |

| | | |
|---|---|---|
| | | 06.08.2018FN |
| | ഉണ്ണികൃഷ്ണൻ എം പി | 06.08.2018AN -31.03.2019 |
| വി.ഇ.ഒ | ഗീത എം എം | 01.04.2018 – 03.04.2018 |
| | രമ കെ | 04.04.2018 – 29.08.2018 |
| | ഏലിയാമ്മ ജേക്കബ് | 30.08.2018 – 10.10.2018 |
| | അമൽരാജ് ടി യു | 11.10.2018 – 31.03.2019 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | പ്രഭ. എ.എൻ | 01.04.2018 – 31.03.2019 |
| അസി. എഞ്ചിനീയർ | സൂര്യൻ കെ ജി | 01.04.2018 – 31.03.2019 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.എ.വി.മണികണ്ഠൻ | 01.04.2018-17.05.2018 |
| | ഡോ. വികാസ്. എം.വി. | 18.05.2018-04.07.2018 |
| | ഡോ.ഷബ്ന. ടി.എച്ച്. | 05.07.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. കെ.ബി. പവിത്രൻ | 01.04.2018 – 31.03.2019 |
| വെറ്ററിനറി സർജ്ജൻ | ഡോ.ജ്യോതിഷ്കുമാർ.പി | 01.04.2018 – 31.03.2019 |
| ഹെഡ്മിസ്ട്രസ് | അംബുജം വി വി | 01.04.2018 – 31.05.2018 |
| | ജയ സി വി | 01.06.2018 – 31.03.2019 |

ഉള്ളടക്കം

| ക്രമ നം | ഖണ്ഡിക നം | വിഷയം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം) |
| 6 | 1-6 | ക്ഷേമ പദ്ധതികൾ |
| 7 | 1-7 | ക്യാഷ് നീക്കിയിരുപ്പ് പരിശോധന |
| 8 | 1-8 | ആഭ്യന്തര നിയന്ത്രണം |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 10 | 1-10 | ഇ – ടെൻഡർ ഫീ - അസി.എഞ്ചിനീയറുടെ അക്കൗണ്ടിലെ തുക പഞ്ചായത്തിന് കൈമാറിയിട്ടില്ല |
| 11 | 1-11 | രസീതി പിരിവ് ക്രമപ്രകാരമല്ല. |
| 12 | 1-12 | തൊഴിൽ നികുതി ഈടാക്കേണ്ടതാണ് |
| 13 | 1-13 | ലൈസൻസ് നൽകൽ-അപാകതകൾ |
| 14 | 1-14 | ക്രമവത്ക്കരണം നടത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. |
| 15 | 1-15 | UPS കോതച്ചിറ- അറ്റകുറ്റപ്പണികൾ-പൊതു മരാമത്ത് ചട്ടങ്ങള് പാലിക്കാതെ തുകയനുവദിച്ചത് ക്രമ വിരുദ്ധമാണ് |
| | | |

| | | |
|---|---|---|
| 16 | 1-16 | ഷീ- പാഡ് പദ്ധതി - വനിതാ വികസന കോർപ്പറേഷന് കൈമാറിയ തുക- വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ് |
| 17 | 1-17 | വെള്ളക്കരം - പൊതുടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധന നടത്തിയിട്ടില്ല |
| 18 | 1-18 | അസാധാരണച്ചെലവ് രജിസ്റ്റർ പരിപാലിക്കുന്നില്ല |
| 19 | 1-19 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- പണി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 20 | 1-20 | നിർവഹണ ഏജൻസികൾക്ക് കൈമാറിയ ഡെപ്പോസിറ്റ് പ്രവൃത്തികൾ- പൂർത്തീകരണ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കണം. |
| 21 | 1-21 | സാമൂഹ്യ സുരക്ഷാ പെൻഷൻ - രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമാക്കണം |
| 22 | 1-22 | ഫയലുകൾ ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു |
| 23 | 1-23 | എർത്ത് വർക്ക് എസ്കവേഷൻ - ഭരണ സമിതി തീരുമാനമില്ലാതെ 476.305 എം3 മണ്ണ് നീക്കം ചെയ്തു |
| 24 | 1-24 | അസി.എഞ്ചിനീയർ ക്യാഷ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല |
| 25 | 1-25 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പ്രോജക്ട് -ചെലവഴിച്ച തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല |
| 26 | 1-26 | മാവേലി മെഡിക്കൽ സ്റ്റോറിൽ നിന്നും മരുന്ന്, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങിയത് -മാർഗരേഖയിലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ്. |
| 27 | 1-27 | എഗ്രിമെന്റ് പ്രകാരമുള്ള ടെണ്ടർ കുറവ് പരിഗണിക്കാതെ തുക നൽകി |
| 28 | 1-28 | പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിന് പിഴ ഈടാക്കിയില്ല - 98588 രൂപ നഷ്ടം |
| 29 | 1-29 | എഗ്രിമെന്റ് വയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല |
| 30 | 1-30 | കാലി ബാരലിന്റെ വില ഈടാക്കാത്തതിനാൽ 253250 രൂപ നഷ്ടം |
| 31 | 1-31 | ഗ്രോ ബാഗ് വിതരണം- അധികം തുക ചെലവഴിച്ചു |
| 32 | 1-32 | സമഗ്ര തെങ്ങ് കൃഷി വികസനം - വിശദാംശങ്ങൾ സാക്ഷ്യപ്പെടുത്തിയില്ല. |
| 33 | 1-33 | കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ അങ്കണവാടികൾ പ്രവർത്തിച്ചു |
| 34 | 1-34 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം |
| 35 | 1-35 | മൃഗ സംരക്ഷണ മേഖലയിലെ പ്രൊജക്ടുകൾ - തുടർനടപടികൾ സ്വീകരിക്കണം |
| 36 | 1-36 | സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി -അവലോകനം |
| 37 | 3-1 | എഗ്രിമെന്റ് പ്രകാരമുള്ള ടെണ്ടർ കുറവ് പരിഗണിക്കാതെ തുക നൽകി |
| 38 | 3-2 | പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിന് പിഴ ഈടാക്കിയില്ല - 112285 രൂപ നഷ്ടം |
| 39 | 3-3 | മരാമത്ത് പ്രവൃത്തി - കരാർ വയ്ക്കുവാൻ വൈകിയതിന് നിയമാനുസൃത പിഴ ഈടാക്കിയില്ല |
| 40 | 3-4 | റോഡ് പണികളുടെ ബില്ലിൽ നിന്നും കാലി ടാർ ബാരലിന്റെ വില ഈടാക്കിയിട്ടില്ല. |
| 41 | 3-5 | ഗ്രോ ബാഗ് വിതരണം- അധികം തുക ചെലവഴിച്ചു |
| 42 | 4-1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം |
| 43 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. |
| 44 | 4-3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. |
| | | |

| | | |
|---|---|---|
| 45 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 46 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 47 | 4-6 | സ്ഥിര നിക്ഷേപം |
| 48 | 4-7 | ഓഡിറ്റ് റിക്കവറി |
| 49 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 50 | 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 51 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 52 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 53 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം (പകർപ്പ്) |
| 54 | അനുബന്ധം-2 | വാർഷിക ധനകാര്യ പത്രിക സംക്ഷിപ്തം (AFS- Audited Abstract) |

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

23/03/2018 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 16.66 കോടി രൂപയും ചെലവ് 16.50 കോടി രൂപയും നീക്കിയിരിപ്പ് 0.15 കോടി രൂപയുമാണ്. റിവൈസ്ഡ് ബജറ്റ് 08/02/2020 ന് പാസാക്കിയിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 24.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27088589.09 |
| വരവ് | 91526616.00 |
| ആകെ | 118615205.09 |
| ചെലവ് | 88009941.00 |
| നീക്കിയിരിപ്പ് | 30605264.09 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 14475499 | 14475499 | 12913935 | 1561564 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 14231000 | 14231000 | 11789409 | 2441591 |
| മെയിന്റനൻസ്-റോഡ് | | 0 | 25968000 | 25968000 | 24847205 | 1120795 |
| മെയിന്റനൻസ്-നോൺ-റോഡ് | | 0 | 2992000 | 2992000 | 1690916 | 1301084 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 8578693 | 8578693 | 5739323 | 2839370 |
| ബി.ഫണ്ട് | | 0 | 117240 | 117240 | 117240 | 0 |
| എം.ജി. എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 597025 | 597025 | 597025 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 21022767 | 21022767 | 21022767 | 0 |
| | ഓണം ഗിഫ്റ്റ് | 0 | 168000 | 168000 | 168000 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | ഐ.സി.ഡി.എസ് | 2447649 | 383050 | 2830699 | 436327 | 2394372 |
| | ടി.എസ്.സി | 565000 | 170000 | 735000 | 710000 | 25000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | വിമുക്തി | 30745 | 25000 | 55745 | 1800 | 53945 |
| | ശുചിത്വ മിഷൻ | 0 | 741108 | 741108 | 0 | 741108 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1565970 | 1565970 | 923775 | 642195 |
| | ജില്ലാ പഞ്ചായത്ത് | 5010 | 1772655 | 1777665 | 1217190 | 560475 |
| ദുരിതാശ്വാസ ഫണ്ട് | | 168580 | 31805 | 200385 | 23917 | 176468 |
| തനത് ഫണ്ട് | ട്രഷറി അക്കൗണ്ട്, ജി.പി.ജി& മറ്റുള്ളവ | 19448017 | 10517876 | 29965893 | 11391051 | 18574842 |
| | തനത് ഫണ്ട്- N SCB | 6180473 | 11847043 | 18027516 | 10085757 | 7941759 |
| | ഇ-പെയ്മെന്റ് SBI | 624702 | 2323138 | 2947840 | 555047 | 2392793 |

## 1-5 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 239 | 118914497 | 150 | 70318510 | 0 | 89 | 59.13 |

## 1-6 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് 2018-19 വർഷം നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ | ക്ഷേമ പദ്ധതി | ചെലവഴിച്ച | ഗുണഭോ |
|---|---|---|---|

| നം. | | തുക | ക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 27240 | 59 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 5024000 | 382 |
| 3 | വിധവാ പെൻഷൻ | 14684200 | 1222 |
| 4 | വാർദ്ധക്യകാല പെൻഷൻ | 28692800 | 2289 |
| 5 | വികലാംഗ പെൻഷൻ | 4074200 | 355 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1910600 | 158 |

## 1-7 ക്യാഷ് നീക്കിയിരുപ്പ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.2020 ന് 3.30 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,704.00 രൂപ ക്യാഷ് നീക്കിയിരുപ്പ് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

സാമ്പത്തിക പത്രികകൾ സി.&എ.ജി. നിർദ്ദേശിച്ച മാതൃകയിൽത്തന്നെ തയ്യാറാക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. സുതാര്യമായ അക്കൌണ്ടിംഗ് സംവിധാനം അനുവർത്തിച്ചിട്ടുണ്ട്. വരവ് തുകകൾ കൃത്യമായി അക്കൌണ്ട് ചെയ്തിട്ടുണ്ട്. ചെലവുകളെല്ലാം വൌച്ചറുകളുടെയും, സബ് വൌച്ചറുകളുടെയും അടിസ്ഥാനത്തിലാണ് നടത്തിയിട്ടുള്ളത്.

താഴെപ്പറയുന്ന പൊതുവായ അപാകതകൾ പരിഹരിക്കേണ്ടതാണ്.

1.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയത് കൃത്യമായി സൂക്ഷിക്കണം.

2.റോഡ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഗ്രാമപ്പഞ്ചായത്തിൽ നിക്ഷിപ്തമായ റോഡുകളുടെ കൃത്യമായ വിവരം ഇല്ല. റോഡ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കണം.

3.പഞ്ചായത്ത് ഡയറക്ടറുടെ 18.01.07-ലെ എച്ച്1/13880/06 നമ്പർ സർക്കുലറിലെ നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്ത് ജീവനക്കാർ എം.ഒ.പി. പ്രകാരം പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും ഇക്കാര്യം ഹെഡ് ക്ലാർക്ക്/സൂപ്രണ്ട് ഉറപ്പാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. എം.ഒ.പി. പ്രകാരം ഫയലുകളിൽ കുറിപ്പ് എഴുതേണ്ടത് നിർബന്ധമാണ്. ധനസംബന്ധമായ ഇടപാടുകളിൽ ബന്ധപ്പെട്ട ക്ലാർക്ക് ചട്ടങ്ങൾ സഹിതം കുറിപ്പ് എഴുതേണ്ടതും ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് അത് പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തി സെക്രട്ടറിക്ക് നൽകേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഫയലുകളിൽ ഒന്നും തന്നെ ഓഫീസ് നോട്ട് എഴുതുന്നില്ല. ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ എം.ഒ.പി. പാലിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

4. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചാൽ അതിൽ ചൂണ്ടികാട്ടിയിട്ടുള്ള അപാകതകളും, ക്രമക്കേടുകളും പരിഹരിക്കുന്നതിന്റെ ഭാഗമായി ഒരു രജിസ്റ്റർ - Register of Audit Objections - കൃത്യമായി പരിപാലിക്കേണ്ടതാണ് (പഞ്ചായത്ത് ഡയറക്ടറുടെ 18.01.07-ലെ എച്ച്1-13880/06 നമ്പർ സർക്കുലർ). എന്നാൽ സ്ഥാപനത്തിൽ ഇപ്രകാരമൊരു രജിസ്റ്റർ ഉണ്ടെങ്കിലും ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള തുടർനടപടികളും, തടസ്സവാദങ്ങളുടെ തീർപ്പാക്കലും നിരീക്ഷിക്കുന്നതിന് പ്രസ്തുത രജിസ്റ്ററിൽ വിവരങ്ങൾ കാലികമാക്കാത്തതിനാൽ കഴിയുന്നില്ല. രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 14/10/2020-15/10/2020 | 01/06/2020-30/09/2020 | ലഭ്യമായിട്ടില്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2016 | 2011-12 to 2015-16 | 17/02/2017 |

## 1-10 ഇ – ടെൻഡർ ഫീ - അസി.എഞ്ചിനീയറുടെ അക്കൗണ്ടിലെ തുക പഞ്ചായത്തിന് കൈമാറിയിട്ടില്ല

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കൂറ്റനാട് ശാഖയിൽ അസി.എഞ്ചിനീയറുടെ പേരിലുള്ള കറണ്ട് അക്കൗണ്ട് നമ്പർ 00000037343574494 -ൽ 12.3.2020-ൽ 147136.5 രൂപ ബാലൻസ് ഉണ്ട്. ഇ-ടെൻഡർ ഫീ ഇനത്തിൽ വരവ് വന്ന ഈ തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറേണ്ടതാണ്.

## 1-11 രസീതി പിരിവ് ക്രമപ്രകാരമല്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്ക്ൾ 7(2) പ്രകാരം ഓരോ ദിവസത്തേയും കളക്ഷൻ തൊട്ടടുത്ത പ്രവർത്തി ദിവസം തന്നെ അടവാക്കേണ്ടതാണ് എന്നും, ആർട്ടിക്ക്ൾ 10 പ്രകാരം കളക്ഷൻ രജിസ്റ്റർ പ്രകാരമുള്ള തുകകൾ രസീതികളുമായി പൊരുത്തപ്പെടുത്തി പരിശോധിക്കേണ്ടതാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ നിന്നും നൽകിയ മാന്വൽ തസീതികൾ ഉപയോഗിച്ച് കൃഷി ഓഫീസർ , വിവിധ പ്രോജക്ടുകൾക്കായി ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടുള്ളതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ വീഴ്ച വന്നിട്ടുള്ളതായി കണ്ടെത്തി.അപാകതകൾ ചുവടെ ചേർക്കുന്നു. (ഓഡിറ്റ് അന്വേഷണം നം. 6/25.11.2020)

1. മാന്വൽ രസീതികൾ ഉപയോഗിച്ചുള്ള പിരിവ് തുകകൾ കളക്ഷൻ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയോ ആയത് കൃത്യമാണെന്ന് പരിശോധിക്കുകയോ ചെയ്തിട്ടില്ല.
2. ഉപയോഗിച്ച രസീതി ബുക്കുകളിലെ പല തസീതികളിലും പണം പിരിച്ച തിയതികൾ ചേർത്തിട്ടില്ല.ഉദാഹരണം ബുക്ക് നം.64018 (63-100),64019(1-21).
3. ഓരോ സാമ്പത്തിക വർഷത്തിലും ഉപയോഗിച്ച് കഴിഞ്ഞുള്ള ബാക്കി രസീതികൾ ക്യാൻസൽ ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നൽകിയത് പ്രകാരം 16.7.2020 തിയതി മുതലുള്ള രസീതി പിരിവുകൾ കളക്ഷൻ രജിസ്റ്ററിൽ എഴുതി തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി കൃഷി ഭവനിൽ കളക്ഷൻ രജിസ്റ്റർ നിശ്ചിത സമയത്ത് പൂരിപ്പിക്കുന്നതിൽ തടസ്സം വന്നതിൽ ഖേദിക്കുന്നു എന്നും മേലിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകില്ല എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ രസീതികളിൽ തിയതി രേഖപ്പെടുത്താതെ പണം സ്വീകരിക്കുകയും മറ്റും ചെയ്തതിന് കൃത്യമായ മറുപടി നൽകിയിട്ടില്ല. പൊതുപണം സ്വീകരിക്കുകയും അടവാക്കുകയും ചെയ്യുന്നതിന് നിയമപ്രകാരമുള്ള നിഷ്കർഷകൾ പാലിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആകട്-സെക്ഷൻ 204 പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

2018-19 സാമ്പത്തിക വർഷത്തിലെ തൊഴിൽനികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ, തൊഴിൽനികുതി പത്രികകൾ എന്നിവ പരിശോധിച്ചപ്പോഴും ഡി&ഒ രജിസ്റ്ററിലെ വിവരങ്ങളും തൊഴിൽനികുതി രജിസ്റ്ററും താരതമ്യപ്പെടുത്തി പരിശോധിച്ചപ്പോഴും പഞ്ചായത്തിൽ നിന്നും 2018-19 വർഷത്തിൽ ലൈസൻസ് എടുത്തിട്ടുള്ള ചുവടെ ചേർക്കുന്നസ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി (ജീവനക്കാർ) ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി.

| ക്രമ നമ്പർ | രജിസ്റ്റർ ക്രമ നമ്പർ | സ്ഥാപനം |
|---|---|---|
| 1 | 2 | കെ.എം.കെ ഗ്രാനൈറ്റ്സ് -ക്വാറി |
| 2 | 4 | ആരോമൽ ഡയറി പ്രോഡക്ട്സ് |
| 3 | 7 | പെരിങ്ങോട് ആയുർവേദ ആശുപത്രി |
| 4 | 22 | അർച്ചന ഹോളോബ്രിക്സ് |
| 5 | 32 | കെ.എം.കെ ഗ്രാനൈറ്റ്സ് -മെറ്റൽ ക്രഷർ |

| | | |
|---|---|---|
| | | യൂണിറ്റ്സ് |
| 6 | 57 | ഏഷ്യൻ ഗോൾഡ് & ഡയമണ്ട്സ് |
| 7 | 69 | ശാരികാസ് സിൽക്സ് |
| 8 | 77 | പാലസ് ഫർണിച്ചർ |
| 9 | 93 | നോബിൾ ട്രേഡ് ഏജൻസീസ്,<br>പെട്രോൾ വിൽപ്പന |
| 10 | 101 | ഗ്രാന്റ് ജ്വല്ലേഴ്സ് |
| 11 | 122 | ദോഹ ട്രേഡേഴ്സ് |
| 12 | 119 | മാളിയേക്കൽ സൈക്കിൾ മാർട്ട് |
| 13 | 135 | അമൃതം ആയുർവേദിക് സെന്റർ |
| 14 | 209 | പൂമുള്ളി ഹെറിറ്റേജ് ആയുർവേദ പ്രൈ.ലിമിറ്റഡ് |
| 15 | 235 | പൂമുള്ളി മന ആയുർവേദ ചികിത്സ |
| 16 | 304 | ഡോ.A's ഹോമിയോപ്പതി |
| 17 | 479 | കീർത്തി ആയുർവേദ ക്ലിനിക് |
| 18 | 438 | റോയൽ ബജാജ് ബൈക്ക് ഷോറൂം |
| 19 | 476 | മാനുക്കാസ് ഹൈപ്പർ മാർക്കറ്റ് |
| 20 | 500 | ബെസ്റ്റ് ഡിസൈനർ ടൈൽസ് |
| 21 | 505 | കീർത്തി ലക്ഷ്മി ആയുർവേദ ക്ലിനിക് |
| 22 | 584 | മെംസ്റ്റാ ഹോളിഡേയ്സ് റിസോർട്ട് |
| 23 | 591 | അഞ്ജനം ആയുർവേദ കേന്ദ്രം |
| 24 | 600 | സി.ആർ. മെമ്മോറിയൽ ആയുർവേദ ക്ലിനിക് |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/30.11.2020) മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ കൂടുതൽ ജീവനക്കാരും താത്ക്കാലികമായി ജോലി ചെയ്യുന്നവരാണ്. ചെറിയ സ്ഥാപനങ്ങൾ ഒഴികെ ബാക്കിയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തുടർന്ന് തൊഴിൽനികുതി ഈടാക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. തൊഴിൽനികുതി ബാധകമായ മുഴുവൻ പേരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസ് അനുവദിക്കൽ-അപാകതകൾ

1996 ലെ കേരളാ പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2018-19 വർഷം അനുവദിച്ച ലൈസൻസുകൾ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ. ലൈസൻസ് ഫീ കുറവായി ഈടാക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31/10/17 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 232, 233, 234 വകുപ്പുകളും 254 വകുപ്പു കൂട്ടി വായിച്ചതും 2017 ലെ കേരളാ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 പ്രകാരവും 1996- ലെ കേരളാ പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ചട്ടത്തിലെ ചട്ടം 10 ലെ പട്ടിക 2ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് താഴെ പറയുന്ന രീതിയിൽ പുനർനിർണ്ണയിച്ചിട്ടുണ്ട്.

| ക്രമ നം. | വ്യവസായ സ്ഥാപനത്തിന്റെ തരം | മൂലധന നിക്ഷേപം | ചുമത്താവുന്ന പരമാവധി തുക |
|---|---|---|---|
| 1 | മൈക്രോ | ഉത്പാദന മേഖല- 25 ലക്ഷത്തിൽ കൂടാത്തത്, സേവന മേഖല- 10 ലക്ഷത്തിൽ | 500/- |

| | | | |
|---|---|---|---|
| | | കൂടാത്തത് | |
| 2 | മിനി | ഉത്പാദന മേഖല-25 ലക്ഷം രൂപയിൽ കൂടുതൽ 1 കോടി രൂപ വരെ<br><br>സേവന മേഖല- 10 ലക്ഷം രൂപയില് കൂടുതൽ 50 ലക്ഷം വരെ | 1000/- |
| 3 | സ്മാൾ | ഉത്പാദന മേഖല-1 കോടി രൂപയിൽ കൂടുതൽ 5 കോടി രൂപ വരെ<br><br>സേവന മേഖല-50 ലക്ഷം രൂപയിൽ കൂടുതൽ 2 കോടി രൂപ വരെ | 5000/- |
| 4 | മീഡിയം | ഉത്പാദന മേഖല-5 കോടി രൂപയിൽകൂടുതൽ 10 കോടി രൂപ വരെ<br><br>സേവന മേഖല-2 കോടി രൂപയിൽ കൂടുതൽ 5 കോടി രൂപ വരെ | 10000/- |
| 5 | ലാർജ്ജ് | ഉത്പാദന മേഖല-10 കോടി രൂപയിൽ കൂടുതൽ<br><br>സേവന മേഖല- 5 കോടി രൂപയിൽ കൂടുതൽ | 15000/- |

ഗ്രാമപഞ്ചായത്തിലെ 2018-19 വർഷത്തിലെ ഭൂരിഭാഗം ലൈസൻസ് അപേക്ഷകളിലും ഇതിൽ നിന്നും വ്യത്യസ്തമായി കുറഞ്ഞ തുകകളാണ് ലൈസൻസ് ഫീ ആയി ഈടാക്കിയിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്റർ ക്രമ നമ്പർ | സ്ഥാപനം | മൂലധന നിക്ഷേപം | ഈടാക്കിയ ഫീസ് | ഈടാക്കാവുന്നത് |
|---|---|---|---|---|
| 42 | മോഡേൺ ഹോസ്പിറ്റൽ | 107 ലക്ഷം | 2500 | 5000 |
| 22 | അർച്ചന ഹോളോബ്രിക്സ് | 3.75 ലക്ഷം | 300 | 500 |
| 476 | മാനക്കാസ് ഹൈപ്പർ മാർക്കറ്റ് | 11 ലക്ഷം | 200 | 500 |

നിലവിലുണ്ടായിരുന്ന ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ള പട്ടിക 2 ഒഴിവാക്കി പുതിയ ഫീസ് നിരക്ക് സെക്രട്ടറി തയ്യാറാക്കുകയും ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവു പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ ലൈസൻസ് ഫീസ് പുതുക്കി ഈടാക്കിയിട്ടില്ല.

2. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ -പട്ടിക 1 ൽ ഉൾപ്പെട്ട ഡി&ഒ ലൈസൻസിന്റെ പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും പഞ്ചായത്തിൽ നിന്നും ഡി&ഒ ലൈസൻസ് എടുക്കേണ്ടതാണെങ്കിലും പട്ടിക 1 ൽ ഉൾപ്പെട്ട അബ്കാരി ഷോപ്പുകൾ(കള്ള് ഷാപ്പുകൾ ഉൾപ്പെടെ)-(ക്രമ നമ്പർ 139),റേഷൻ റീടെയിൽ ഷോപ്പുകൾ (ക്രമ നമ്പർ 149) തുടങ്ങിയ സ്ഥാപനങ്ങൾ 2018-19 സാമ്പത്തിക വർഷത്തിലും ഗ്രാമപഞ്ചായത്തിൽ നിന്നും ഡി&ഒ ലൈസൻസ് എടുത്തിട്ടില്ല.

വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്അന്വേഷണത്തിന് (നം.13/30.11.2020) മേൽപറഞ്ഞ എല്ലാ സ്ഥാപനങ്ങളിൽ നിന്നും പലിശ സഹിതം തുക ഈടാക്കുന്നതാണ് എന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

## 1-14 ക്രമവത്ക്കരണം നടത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011-ചട്ടം 137പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും ക്രമവത്ക്കരണം നടത്തിയ കെട്ടിടങ്ങളുടെ /അപേക്ഷകളുടെ വിവരങ്ങൾ സംബന്ധിച്ച രജിസ്റ്റർ (അപ്പൻഡിക്സ്‌) 2018-19സാമ്പത്തിക വർഷത്തിൽ സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14 / 30.11.2020) 2019-20 സാമ്പത്തിക വർഷം മുതൽ മേൽ പ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-15 UPS കോതച്ചിറ- അറ്റകുറ്റപ്പണികൾ-പൊതു മരാമത്ത് ചട്ടങ്ങള് പാലിക്കാതെ തുകയനുവദിച്ചത് ക്രമ വിരുദ്ധമാണ്

പ്രൊജക്ട് നമ്പർ 256/19

പ്രൊജക്ടിന്റെ പേര് ജി.യു.പി.എസ് കോതച്ചിറ സ്കൂൾ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി

കൾ- HM ന് ചെലവായ തുക തിരികെ നൽകൽ

അടങ്കൽ തുക 35510.00 (തനത് ഫണ്ട്)

ചെലവ് 35000.00 ( വൗച്ചർ നമ്പർ 21801365/30.03.2019)

ചെക്ക് നമ്പർ 2648959/ 30.03.2019 ( TSB Own fund)

2018-19 സാമ്പത്തിക വർഷത്തിൽ HM നിർവഹണോദ്യോഗസ്ഥയായി അംഗീകാരം ലഭ്യമാക്കിയതാണ് ഈ പ്രൊജക്ട്. ഇത് പ്രകാരം, മേൽ പറഞ്ഞ സ്കൂളിന്റെ Pre- KER കെട്ടിടത്തിന്റെ വരാന്തയുടെ മേൽക്കൂര അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തേണ്ടി വന്നു എന്നും സ്കൂൾ തുറക്കുന്നതിനു മുമ്പ് പണികൾ തീർക്കേണ്ടതിനാൽ മുൻകൂട്ടി അനുമതി വാങ്ങാൻ കഴിഞ്ഞില്ല എന്നും, ടി കെട്ടിടം പൊളിച്ചു മേയുന്നതിന് ചെലവായ 35510 രൂപ അനുവദിക്കണമെന്നും HM, ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. ( കത്ത് തീയ്യതി 12.06.2018)

ഈ കത്തിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നതിന് 25.06.2018- ലെ IX (1) നമ്പർ പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട് (0716.5.18, 08/17.05.2018, 09/18.05.2018, 10/19.05.2018, 11/02.05.18, 12/22.05.18, 13/29.05.18, 14/24.05.18, 15/26.05.18, ) മേൽ പറഞ്ഞ പ്രവൃത്തിക്ക് 35000 രൂപ ചെലവഴിച്ചതായി അസി. എഞ്ചിനീയറുടെ മൂല്യ നിർണയ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടുണ്ട്.

ഈ പ്രൊജക്ടിന്റെ നടത്തിപ്പിലെ അപാകത താഴെ പറയുന്നു.

ആസ്തി സംരക്ഷണ പദ്ധതികൾ, പദ്ധതി മാർഗ്ഗ രേഖ പ്രകാരം തയ്യാറാക്കി ഭരണ- സാങ്കേതിക- സാമ്പത്തിക അനുമതി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിലാണ് നിർവഹിക്കപ്പെടേണ്ടത്. എന്നാൽ അംഗീകൃത പ്രൊജക്ട് മുഖേനയല്ലാതെ, സാങ്കേതിക വിഭാഗത്തിൽ നിന്നുള്ള വ്യക്തമായ എസ്റ്റിമേറ്റില്ലാതെ, മേൽ പറഞ്ഞ നടപടിക്രമങ്ങൾ പാലിക്കാതെ 35510 രൂപയ്ക്ക് അറ്റകുറ്റപ്പണികൾ നിർവഹിച്ചു എന്ന നിർവഹണോദ്യോഗസ്ഥയുടെ കത്തിന്റെ അടിസ്ഥാനത്തിൽ പ്രൊജക്ട് തയ്യാറാക്കി തുക അനുവദിച്ച നടപടി ക്രമവിരുദ്ധമാണ്. മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 2/23.11.2020)

## 1-16 ഷീ- പാഡ് പദ്ധതി - വനിതാ വികസന കോർപ്പറേഷന് കൈമാറിയ തുക- വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്

2018-19 വർഷത്തിൽ, HM ഷീ- പാഡ് ( പ്രൊജക്ട് നമ്പർ 178/19)എന്ന പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് തനത് ഫണ്ടിൽ നിന്നും 13438 രൂപ കേരള വനിതാ വികസന കോർപ്പറേഷന്റെ 00000035810483408-SBI നമ്പർ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. (വൗച്ചർ നമ്പർ 21800891/13.02.19) . ഈ തുകയുടെ കൈപ്പറ്റു രസീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് റിക്വിസിഷന് ( നമ്പർ 2/23.11.2020) മറുപടി നൽകുകയോ മേൽ പറഞ്ഞ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഷീ പാഡ് ലഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമല്ല. ആയതിനാൽ ഷീ പാഡ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങളും സ്റ്റോക്ക് രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആയതിനാൽ മേൽ പറഞ്ഞ രേഖകൾ വനിതാ വികസന കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-17 വെള്ളക്കരം - പൊതുടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധന നടത്തിയിട്ടില്ല

നാഗലശ്ശേരി ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തിൽ 297 പൊതുടാപ്പുകളുടെ ( തൃശ്ശൂർ ഡിവിഷൻ 279 + ഷൊർണ്ണൂർ ഡിവിഷൻ 18) വെള്ളക്കരമിനത്തിൽ താഴെ പറയും വിധം ജല അതോറിറ്റിക്ക് തുക ഒടുക്കിയിട്ടുണ്ട്.

| മാസം | തുക | വൗച്ചർ നമ്പർ |
|---|---|---|
| 04/18 | 116813 +7875= 124688 | 21800063/ 21800064 |
| 05/18 | 116813 +7875= 124688 | 21800140/21800131 |
| | | |

| | | |
|---|---|---|
| 06/18 | 116813 +7875= 124688 | 21800216/21800211 |
| 07/18 | 116813 +7875= 124688 | 21800275/21800274 |
| 08/18 | 116813 +7875= 124688 | 21800443/21800374 |
| 09/18 | 116813 +7875= 124688 | 21800373/21800452 |
| 10/18 | 116813 +7875= 124688 | 21800535/21800534 |
| 11/18 | 116813 +7875= 124688 | 21800642/21800643 |
| 12/18 | 116813 +7875= 124688 | 21800750/21800749 |
| 01/19 | 122063+ 7875= 129938 | 21800819/21800820 |
| 02/19 | 122063+ 7875= 129938 | 21800907/21800908 |
| 03/19 | 122063+ 7875= 129938 | 21801222/21801223 |

സ.ഉ (സാധാ) നം 1275/2009 /ത.സ്വ.ഭ.വ തീയ്യതി 30.05.2009 നമ്പർ ഉത്തരവിൽ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, കുടിവെള്ള വിതരണം കാര്യക്ഷമമാക്കൽ എന്നിവ സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ ഖണ്ഡിക 2.1 പ്രകാരം ഓരോ ഗ്രാമ പഞ്ചായത്തും തങ്ങളുടെ പരിധിയലുള്ള പൊതു ടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ സംയുക്തമായി പരിശോധിച്ച് തിട്ടപ്പെടുത്തേണ്ടതുണ്ട്. പരിശോധനയെത്തുടർന്ന് ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിശദാംശങ്ങൾ തയ്യാറാക്കണം. ഖണ്ഡിക 2.2 അനുസരിച്ച് പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മീറ്റർ ഘടിപ്പിക്കുകയും അതിലൂടെ ഉപയോഗിക്കുന്ന ജലത്തിനു മാത്രമേ പണം നൽകുന്നുള്ളൂ എന്നുറപ്പു വരുത്തുകയും വേണം.

മേൽ പറഞ്ഞ ഉത്തരവിലെ ഖണ്ഡിക 7 പ്രകാരം BPL വിഭാഗക്കാർക്ക് ഗാർഹിക കണക്ഷൻ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ച് പൊതു ബാധ്യതയുടെ ഭാരം പരമാവധി കുറയ്ക്കണം.

എന്നാൽ മേൽ പറഞ്ഞ യാതൊരു നടപടികളും സ്വീകരിക്കാതെയാണ് ജല അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ മാത്രം തുക ഒടുക്കി വരുന്നത്.
ആയതിനാൽ മേൽ പറഞ്ഞ വിധം ജല അതോറിറ്റിയുമായി ചേർന്ന്, പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം കൃത്യമായി കണ്ടെത്തുകയും ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ തുക നൽകുന്നുള്ളൂ എന്നുറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

## 1-18 അസാധാരണച്ചെലവ് രജിസ്റ്റർ പരിപാലിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെ (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി. പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്.

ചെലവുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും ചെലവ് പരിധി പാലിക്കുന്നുണ്ടോ എന്നും മേലുദ്യോഗസ്ഥർ പരിശോധിക്കുകയോ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി വിലയിരുത്തുകയോ ചെയ്തിട്ടില്ല എന്ന് പരിശോധനയിൽ കണ്ടെത്തി. 2018-19 വർഷത്തെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന തുകകൾ ദൈനംദിന ചെലവായി പരിഗണിക്കുന്നതായി കണ്ടെത്തി. അസാധാരണ ചെലവിന്റെ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| വൗച്ചർ നം./ തിയതി | തുക | ചെലവിനം |
|---|---|---|
| 800204/21.06.18 | 5000.00 | കുഞ്ചൻ ദിനത്തോടനുബന്ധിച്ച് പഞ്ചായത്ത് വിഹിതം നൽകിയത് |
| 21800138/26.05.18 | 1380 | Sc വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരപണച്ചടങ്ങിനോടനുബന്ധിച്ച് തയ്യാറാക്കിയ ബാനറിന്റെ വില |

അസാധാരണ ചെലവ് നടത്തുമ്പോൾ ചട്ടങ്ങൾ പാലിക്കേണ്ടതാണ്. അസാധാരണചെലവിൽ ഉൾപ്പെടുന്ന ഇനങ്ങൾ കൃത്യമായി അക്കൗണ്ട് ചെയ്യേണ്ടതും നിയമാനുസൃത പരിധി പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-19 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- പണി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

പ്രൊജക്ട് നമ്പർ 040/ 19

പ്രൊജക്ടിന്റെ പേര് പട്ടിക ജാതിക്കാർക്ക് പഠന മുറി

അടങ്കൽ തുക 1700000.00

ചെലവ് 900000.00

(1)ബിൽ നമ്പർ 08/18.01.19- 500000.00
(2) ബിൽ നമ്പർ 11/18.01.19 – 400000.00
നിർവഹണോദ്യോഗസ്ഥൻ : അസി. സെക്രട്ടറി

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി നിർമിക്കുന്നതിന് ധനസഹായം അനുവദിക്കപ്പെട്ട 17 ഗുണഭോക്താക്കളിൽ, വിസ്മയ, D/o രാമൻകുട്ടി, വാരിയത്ത് പടി ,തെക്കെ വാവനൂർ എന്ന ഗുണഭോക്താതാവ് ആകെ ധനസഹായത്തുകയായ 100000.00 രൂപയിൽ ആദ്യ ഗഡുവായ 50,000 രൂപ മുകളിൽ പറഞ്ഞ ട്രഷറി ബിൽ പ്രകാരം പിൻവലിച്ച് പിതാവിന്റെ അക്കൗണ്ടിൽ കൈപ്പറ്റിയിട്ടുണ്ട്. (A/C No. 37875006399- SBI പട്ടാമ്പി ശാഖ) എന്നാൽ ടിയാൾ ബാക്കി തുക കൈപ്പറ്റിയിട്ടില്ല. ടിയാൾ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടങ്കിൽ ആയത് തെളിയിക്കുന്ന രേഖകളും പൂർത്തിയാക്കിയിട്ടില്ലെങ്കിൽ കരാർ ലംഘനത്തിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരവും ഓഡിറ്റിൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നമ്പർ 15/30.11.2020) മറുപടി ലഭ്യമാക്കിയില്ല.
ആയതിനാൽ ടി ഗുണഭോക്താവ് പഠന മുറി നിർമാണം പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ആയത് പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുകയോ അല്ലാത്ത പക്ഷം കൈപ്പറ്റിയ തുക 50,000 രൂപ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. മേൽ പറഞ്ഞ നിബന്ധനയ്ക്ക് വിധേയമായി 50,000രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 നിർവഹണ ഏജൻസികൾക്ക് കൈമാറിയ ഡെപ്പോസിറ്റ് പ്രവൃത്തികൾ- പൂർത്തീകരണ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കണം

2018-19 സാമ്പത്തിക വർഷത്തിൽ നിർവഹണത്തിനു വേണ്ടി വിവിധ ഏജൻസികൾക്ക് കൈമാറിയ പ്രൊജക്ടുകളും തുകയും സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | നിർവഹണ ഏജൻസിയുടെ പേര് | കൈമാറിയ തുക,<br><br>ബിൽ നമ്പർ, തീയ്യതി | അടങ്കൽ തുക |
|---|---|---|---|---|---|
| 1 | 11/19 | പൈപ്പ് ലൈൻ നീട്ടൽ- ബാക്കി തുക അടവാക്കൽ | കേരള ജല അതോറിറ്റി, തൃശ്ശൂർ | 710974/-<br><br>Bill.No.1/ 31.03.19 | 711000.00 |
| 2 | 09/19 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടലും സ്ഥാപിക്കലും | കേരള ജല അതോറിറ്റി, തൃശ്ശൂർ | 37000/-<br><br>Bill.No.20/ 24.01.19<br><br>100000.00<br><br>Bill.No.28/ 19.03.19 | 789000.00 |
| 3 | 10/19 | അപായകരമായ ഇല.പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | കെ.എസ്.ഇ.ബി | 46695/-<br><br>Bill.No.19/ 12.12.18<br><br>164127/-<br><br>Bill.No.24/ 12.12.18<br><br>75238/-<br><br>Bill.No.30/ 21.03.18 | |
| 4 | 18/19 | തെരുവുവിളക്ക് ലൈൻ നീട്ടൽ | കെ.എസ്.ഇ.ബി | 972400.00<br><br>[illegible] | |

| | | | | | |
|---|---|---|---|---|---|
| | | | | Bill.No.11/ 28.09.18<br><br>781612.00<br><br>Bill.No.17/ 07.12.18<br><br>114045/-<br><br>18/07.12.18 | |

മേൽ പറഞ്ഞ പ്രൊജക്ടുകളുടെ പൂർത്തീകരണ, തുക വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ( ഓഡിറ്റ് അന്വേഷണം നമ്പർ ( 16/30.11.2020)

## 1-21 സാമൂഹ്യ സുരക്ഷാ പെൻഷൻ - രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമാക്കണം

വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികളുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾ സമർപ്പിക്കുന്ന അപേക്ഷകളുടെ രജിസ്ട്രേഷൻ, തുടർ നടപടികൾ എന്നിവയുടെ നടപടി ക്രമങ്ങൾ സുതാര്യവും കാര്യക്ഷമവുമല്ല. അപേക്ഷകരുടെ പേരും വിലാസവും രേഖപ്പെടുത്തുന്നുണ്ടെങ്കിലും അവ അന്വേഷണോദ്യോഗസ്ഥർക്ക് കൈമാറിയ തീയ്യതി, തിരികെക്കിട്ടിയ തീയ്യതി, സ്റ്റാന്റിംഗ് കമ്മിറ്റി - ഭരണസമിതി എന്നിവ അംഗീകരിച്ച തീയ്യതി എന്നിവയൊന്നും രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നില്ല. രജിസ്റ്ററുകളിൽ ഓരോ വർഷവും ലഭിച്ച അപേക്ഷകളുടെ സംഗ്രഹം എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് നിർദേശം

(1) അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥന് കൈമാറുന്ന തീയ്യതി, തിരികെ ലഭിക്കുന്ന തീയ്യതി, എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

(2) അപേക്ഷ നിരസിക്കപ്പെടുന്ന പക്ഷം ആയത് അപേക്ഷകനെ രേഖാമൂലം അറിയിക്കണം.

(3) സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കുകയും പെൻഷൻ ലഭ്യമാക്കാനുള്ള നടപടികൾ ഊർജിതപ്പെടുത്തുകയും ചെയ്യുക.

(4) ഓരോ പെൻഷൻ ലഭിച്ച അപേക്ഷകളുടെ വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണം.

## 1-22 ഫയലുകൾ ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് പണികളുടെ വർക്ക് ബില്ലുകൾ, എം ബുക്കുകൾ, എസ്റ്റിമേറ്റ് തുടങ്ങിയ രേഖകൾ ഉൾക്കൊള്ളുന്ന ഫയലുകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജ.നമ്പർ | പേര് | അടങ്കൽ | ചെലവ് | ബിൽനമ്പർ/ ചെക്ക് നമ്പർ |
|---|---|---|---|---|---|
| 1. | 183/19 | അമ്പാട്ട്പടി റോഡ് റീടാറിങ്ങ് | 490000 (MFR) | 451654 | 37/27.12.18 |
| 2. | 200/19 | തെരമംഗലം അമ്പലം റോഡ് മെറ്റലിങ്ങ് ടാറിങ്ങ് | 150000 (MFR) | 137202 | 38/27.12.18 |
| 3. | 201/19 | കുറ്റനാട് സബ് സ്റ്റേഷൻ വലിയപറമ്പ് റോഡ് റീടാറിങ്ങ് | 300000 (MFR) | 298176 | 14/31.10.18 |
| | | | ആകെ | 887032 | |

മേൽ പറഞ്ഞ വർക്ക് ഫയലുകൾ ഓഡിറ്റിൽ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 17/30.11.2020 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയില്ല. ആയത് ഓഡിറ്റിൽ ലഭ്യമാക്കുന്നതുവരെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 എർത്ത് വർക്ക് എസ്കവേഷൻ - ഭരണ സമിതി തീരുമാനമില്ലാതെ 476.305 എം3 മണ്ണ് നീക്കം ചെയ്തു

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തിയിൽ ആകെ 476.305 എം$^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്.

പ്രോജക്ട് നമ്പർ 58/19 – കുറ്റനാട് പെരിങ്ങോട് റോഡ് കാന കെട്ടി സംരക്ഷണം രണ്ടാം ഘട്ടം

അടങ്കൽ - 2026181/-

ചെലവ് - 958704/- ട്രഷറി ബിൽ നമ്പർ - 82/26.3.19 (പാർട്ട് ബിൽ)

ഫൈനൽ ബിൽ - 997988/- (2019-20 സാമ്പത്തിക വർഷം)

കരാറുകാരൻ - കെ.എൻ.മുകുന്ദൻ

എംബി നമ്പർ - 722/18-19, 705/18-19

എഗ്രി.നമ്പർ - 87/AE/LSGD/NGY/18-19 dt.22.12.18

ഐറ്റം നമ്പർ 1 പ്രകാരം എർത്ത് വർക്ക് എസ്കവേഷന വേണ്ടി ആകെ നൽകിയ തുക = 40514.19

മേൽപ്രകാരം കുഴിച്ചെടുത്ത 476.305 എം$^3$ മണ്ണ് എങ്ങനെ വിനിയോഗിച്ചു എന്ന വിവരം ഓഡിറ്റിൽ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 19/1.12.2020 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി അന്നത്തെ പഞ്ചായത്ത് സെക്രട്ടറി ടി പ്രവൃത്തിയിലെ മണ്ണ് കാഞ്ഞിരക്കുണ്ട് പാടം റോഡ്, ചിറക്കൽപടി ബാലവാടി റോഡ്, ചകിരിപ്പറമ്പ് അങ്കണവാടി, കല്ലുവെട്ടുകുഴി തുടങ്ങിയ ഇടങ്ങളിൽ നിക്ഷേപിക്കുന്നതിനു വേണ്ടിയുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് അസി.എഞ്ചിനീയറോട് ആവശ്യപ്പെടുന്ന കത്തിന്റെ പകർപ്പാണ് ഹാജരാക്കിയിട്ടുള്ളത്. ഒരു യൂണിറ്റ് (1m$^3$) മണ്ണിന് നിലവിൽ ഈ പ്രദേശത്ത് 1200 രൂപ വിലയുണ്ട്. 1000 രൂപ എന്ന് കണക്കാക്കിയാൽ പോലും 476000 രൂപയോളം വിപണി വിലയുള്ള മണ്ണ് മേൽ പറഞ്ഞ പ്രകാരം വിനിയോഗിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തതായി കാണുന്നില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള മുകളിൽ പറഞ്ഞ സ്ഥലങ്ങളിൽ മാത്രമാണ് മണ്ണ് നിക്ഷേപിച്ചിട്ടുള്ളത് എന്നും മണ്ണ് വിനിയോഗിച്ചതിൽ ക്രമക്കേടുകൾ നടന്നിട്ടില്ല എന്നും ഉറപ്പു വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 അസി.എഞ്ചിനീയർ ക്യാഷ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

അസി.എഞ്ചിനീയറുടെ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ ക്യാഷ് ബുക്ക് ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല എന്നു കാണുന്നു. തനത് ഫണ്ടിൽ നിന്നും വിവിധ മരാമത്ത് പ്രോജക്ടുകളുടെ നടത്തിപ്പിനായി നൽകുന്ന തുകകളുടെ വിവരവും കോൺട്രാക്ടർമാർക്ക് നൽകുന്ന തുകകളുടെ വിവരവും ഒന്നും തന്നെ ക്യാഷ് ബുക്കിൽ ചേർത്തിട്ടില്ല. ട്രഷറി ബിൽ പ്രകാരമുള്ള തുകകൾ ചേർത്തിട്ടുണ്ടെങ്കിലും പലതിലും ബിൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. ക്യാഷ് ബുക്ക് നിശ്ചിത മാതൃകയിലല്ല എഴുതി സൂക്ഷിച്ചിട്ടുള്ളത്. മുൻബാക്കി, വരവുകൾ, ചെലവുകൾ, നീക്കിബാക്കി എന്ന രീതിയിൽ ക്യാഷ് ബുക്ക് എഴുതേണ്ടതാണ്. അപാകതകൾ

പരിഹരിക്കേണ്ടതും നിശ്ചിത മാതൃകയിൽ ശരിയായ രീതിയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ 12.4.2006-ലെ ജി.ഒ (പി) 177/2006/ഫിൻ എന്ന സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 1-25 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പ്രോജക്ട് -ചെലവഴിച്ച തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

പ്രോജക്ട്- ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ , ചെലവ്- 200000 രൂപ (മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്)

നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ ആയുർവേദം

മേൽ പദ്ധതിക്ക് കീഴിൽ 19.2.2018 തിയതിയിൽ ബിൽ നമ്പർ 2/18-19 പ്രകാരം 200000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് കേരള സംസ്ഥാന ഹോമിയോപ്പാതിക് മെഡിക്കൽ കോർപ്പറേഷനിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്.എന്നാൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം 199713രൂപയ്ക്കുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ഇൻവോയിസ് നമ്പർ,തിയതി | തുക |
|---|---|
| LF-1423 , 15.11.2019 | 69720 |
| LF-1686, 11.12.2019 | 129993 |
| ആകെ തുക | 199713 |

അവശേഷിക്കുന്ന 287 രൂപയ്ക്കുള്ള മരുന്നുകൾ കൂടി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാനായി ഓഡിറ്റ് വേളയിൽ ഓഡിറ്റ് അന്വേഷണം നൽകിയതിന് മറുപടിയായി ഹോംകോ-ക്ക് കത്ത് ഇ-മെയിൽ ചെയ്തിട്ടുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥനായ ആയുർവേദ മെഡിക്കൽ ഓഫീസർ മറുപടി സമർപ്പിച്ചിട്ടുണ്ട്. മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 മാവേലി മെഡിക്കൽ സ്റ്റോറിൽ നിന്നും മരുന്ന്, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങിയത് -മാർഗരേഖയിലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ്

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ നടത്തിയ വിവിധ പ്രൊജക്ടുകൾക്ക് വേണ്ടി താഴെ പറയുന്ന വിശദാംശങ്ങൾ പ്രകാരം മരുന്നുകൾ, ഉപകരണങ്ങൾ മുതലായവ വാങ്ങിയത് ഒറ്റപ്പാലം സപ്ലൈക്കോ മാവേലി മെഡിക്കൽ സ്റ്റോറിൽ നിന്നാണ്.

| ക്രമ നമ്പർ | പ്രോജക്ട്,പേര് | ബിൽ നം, തീയതി &തുക | ഫണ്ട് | മരുന്ന്/മറ്റ് ഉപകരണങ്ങൾക്ക് ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 46/18-19 മെയിന്റനൻസ് ഓഫ് ലാബ്, റീ ഏജന്റ്സ് വാങ്ങൽ | 13/23.2.2019-24212<br>16/26.3.2019-9999 | മെയിന്റനൻസ് ഗ്രാന്റ് (നോ.റോഡ്) | 34211 |
| 2 | 16/18-19 മാർഗ ദീപ്തി | 12/23.2.2019 | വികസന ഫണ്ട് ജനറൽ | 1,09,996 |
| 3 | 17/18-19 പാലിയേറ്റീവ് പരിചരണ പദ്ധതി | 14/23.2.2019 | വികസന ഫണ്ട് ജനറൽ | 19019 |
| | | 17/26.3.2019 | വികസന ഫണ്ട് ജനറൽ | 123694 |
| ആകെ ചെലവ് | | | | 286920 |

സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 പ്രകാരമുള്ള 2018-19 വർഷത്തെ സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച മാർഗ്ഗരേഖ ഖണ്ഡിക 7.5.3(1) പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മാത്രമേ വാങ്ങാൻ അനുമതിയുള്ളു. മാർഗ്ഗരേഖ ഖണ്ഡിക 7.5.4 അനുസരിച്ച് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ മാത്രം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ ശുപാർശപ്രകാരം കാരുണ്യ/നീതി/ജൻഔഷധി മെഡിക്കൽ സ്റ്റോറുകളിൽ നിന്നും അടിയന്തിര സാഹചര്യം മറികടക്കുന്നതിന് വേണ്ടി മാത്രം മരുന്ന് വാങ്ങാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ-സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 പ്രകാരമുള്ള മാർഗരേഖയിലെ വ്യവസ്ഥകൾക്കും, നിർദ്ദേശങ്ങൾക്കും വിരുദ്ധമായി പ്രൊജക്ടുകളുടെ ചെലവുകൾ നടത്തിയത് ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)-ക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 18/01.12.2020) താഴെ ചേർക്കുന്ന പ്രകാരമാണ് മറുപടി നൽകിയിട്ടുള്ളത്. 2017-18 വർഷത്തെ മുഴുവൻ പ്രോജക്ടുകൾക്കുള്ള പർച്ചേസിംഗ് ഓർഡർ

മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിരുന്നെങ്കിലും ഒരു വർഷം കഴിഞ്ഞാണ് സ്ഥാപനം മരുന്നുകളും മറ്റ് ഉപകരണങ്ങളും ലഭ്യമാക്കിയത്.2018-19 വർഷത്തെ പർച്ചേസിനായി പ്രോഫോർമ ഇൻവോയിസിനായി അപേക്ഷിച്ചെങ്കിലും ആയത് മൂന്ന് മാസം കഴിഞ്ഞിട്ടും ലഭ്യമായില്ല. സ്ഥാപനത്തെ ആശ്രയിക്കുന്ന രോഗികളുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനാണ് ഇത്തരത്തിൽ മാവേലി സ്റ്റോറിൽ നിന്നും പർച്ചേസ് ഓർഡർ നൽകി മരുന്നുകളും ഉപകരണങ്ങളും വാങ്ങിയത്.

ഭാവിയിൽ മരുന്നുകളും മറ്റ് ഉപകരണങ്ങളുടെയും വാങ്ങൽ നടത്തുമ്പോൾ മാർഗരേഖയിലെ വ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.മറുപടിയിൽ പരാമർശിച്ച പ്രകാരമുള്ള സാഹചര്യം നിലനിൽക്കുന്നുണ്ടെങ്കിലും ആയത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റി വഴി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ശ്രമങ്ങൾ നടത്തേണ്ടതാണെന്നും ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 1-27 എഗ്രിമെന്റ് പ്രകാരമുള്ള ടെണ്ടർ കുറവ് പരിഗണിക്കാതെ തുക നൽകി

പ്രോജക്റ്റ് നമ്പർ 208/19 പ്രകാരം അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പൂവ്വക്കട്ടം കോളനിക്ക് സമീപം കലുങ്ക് നിർമ്മാണം എന്ന പ്രവൃത്തിയുടെ ഫൈനൽ ബിൽ തുക നൽകിയപ്പോൾ ടെണ്ടർ കുറവ് ആയ .5% ഈടാക്കാതിരുന്നതിനാൽ 734/- രൂപ നഷ്ടം വന്നിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-1 ആയി ചേർത്തിട്ടുണ്ട്.

## 1-28 പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിന് പിഴ ഈടാക്കിയില്ല - 98588 രൂപ നഷ്ടം

പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ വൈകിയതിന് കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിൽ പറയുന്ന പ്രകാരമുള്ള പിഴ ഈടാക്കാത്തതിനാൽ പഞ്ചായത്തിന് 98588 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-2 ആയി ചേർത്തിട്ടുണ്ട്.

## 1-29 എഗ്രിമെന്റ് വയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല

PWD മാന്വൽ, 2012 ലെ ഖണ്ഡിക 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾ ക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ കരാറുടമ്പടി വയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ഖണ്ഡിക 3-3 ആയി ചേർത്തിട്ടുണ്ട്.

## 1-30 കാലി ബാരലിന്റെ വില ഈടാക്കാത്തതിനാൽ 253250 രൂപ നഷ്ടം

റോഡ് പണികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് 253250 രൂപ നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-4 ആയി ചേർത്തിട്ടുണ്ട്.

## 1-31 ഗ്രോ ബാഗ് വിതരണം- അധികം തുക ചെലവഴിച്ചു

ഈ പ്രൊജക്റ്റിന്റെ പ്രകാരം 132 കർഷകർക്ക് 25 എണ്ണം വീതം ആകെ 3,300 ഗ്രോ ബാഗുകൾ വിതരണം ചെയ്യുന്നതിന് വികസന ഫണ്ടിൽ നിന്നും പിൻവലിക്കാവുന്നത് 1,98,000.00 രൂപയാണ്. എന്നാൽ വികസന ഫണ്ടിൽ 2,00,000.00 രൂപ പിൻവലിച്ചിട്ടുണ്ട്. അധികമായി പിൻവലിച്ച 2000 രൂപയുടെ ചെലവ് നിരാകരിക്കുന്നു. 2000 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ച് ചലാന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്. (വിശദാംശങ്ങൾ ഖണ്ഡിക 3.5 ൽ ചേർത്തിട്ടുണ്ട്.)

## 1-32 സമഗ്ര തെങ്ങ് കൃഷി വികസനം - വിശദാംശങ്ങൾ സാക്ഷ്യപ്പെടുത്തിയില്ല.

പ്രൊജക്റ്റ് നമ്പർ :54/2019- സമഗ്ര തെങ്ങ് കൃഷി വികസനം
അടങ്കൽ :2.5 ലക്ഷം (വികസന ഫണ്ട് –2.5ലക്ഷം + ഗ്ര ഭോ വിഹിതം–2.5 ലക്ഷം)
ചെലവ് വിവരം : 2,50,000.00 (വികസന ഫണ്ട് – ബിൽ നം 3/5.11.18- 2 ലക്ഷം + ബിൽ നം 4/16.11.18 രൂ. 50,000.00 )
നിർവ്വഹണം - കൃഷി ഓഫീസർ

മേൽ പ്രൊജക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിലെ നാളികേര കർഷകർക്ക് യൂറിയ, പൊട്ടാഷ്, ഫാക്ടംഫോസ് മുതലായ വളങ്ങൾ വാങ്ങുന്നതിന് 50% സബ്സിഡി അനുവദിച്ചിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ ഫയലുകളിൽ കർഷകർ കൃഷി നടത്തിയ സ്ഥലത്തിന്റെ വിസ്തീർണ്ണം, ധനസഹായത്തിന് അർഹമായ തെങ്ങുകളുടെ എണ്ണം മുതലായവ കൃഷി അസിസ്റ്റന്റ് / കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വരും വർഷങ്ങളിലെ പ്രൊജക്റ്റ് നിർവ്വഹണത്തിൽ ഇത്തരം അപാകതകൾ ഉണ്ടാവാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ അങ്കണവാടികൾ പ്രവർത്തിച്ചു

ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 27 അങ്കണവാടികൾ 2018-19 വർഷത്തിൽ മതിയായ സുരക്ഷ മുൻകരുതൽ ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത്. അങ്കണവാടി കെട്ടിടങ്ങൾ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് സംബന്ധിച്ച് താഴെ പറയുന്ന ഉത്തരവുകൾ/സർക്കുലറുകൾ പ്രാബല്യത്തിലുണ്ട്.

1) തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 22-3-2011 ലെ സർക്കുലർ നം. 31055/സി.ഡി.2/2011/ത.സ്വ.ഭ.വ ഖണ്ഡിക സി(1) ൽ എല്ലാ കലണ്ടർ വർഷവും മെയ് 10-നകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക

കെട്ടിടങ്ങളുൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും, പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഖണ്ഡിക സി(2) പ്രകാരം യാതൊരു കാരണവശാലും സുരക്ഷിതമല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

2)സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 8-7-2016 ലെ ഉത്തരവ് നം CMRP/3048/01/LA1/2016/KeSCPCR പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ യാതൊരു പ്രീ പ്രൈമറി സ്ഥാപനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കരുതെന്ന് വിധിച്ചിട്ടുണ്ട്.

3) തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു) വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറിയുടെ 30.12.2016 ലെ സർക്കുലർ നം.7824555/ഇ,ഡബ്ല്യു/2016/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനിയർമാർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്ഥാപനങ്ങൾ / സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേധാവി നടപടി സ്വീകരിച്ച് ഉറപ്പുവരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്,

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 3/24.11.20 ന് ലഭ്യമാക്കിയ മറുപടിയിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായി അപേക്ഷകൾ നൽകിയിരുന്നുവെങ്കിലും 2018-19, 2019-20 എന്നീ വർഷങ്ങളിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാതെയാണ് അങ്കണവാടികൾ പ്രവർത്തിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. 2019-2020 വർഷത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രധാന ചുമതലയാണ് അങ്കണവാടികൾ നടത്തുക എന്നത്. അങ്കണവാടികൾ ഫിറ്റ്നെസ്സ് ഇല്ലാതെ പ്രവർത്തിക്കുന്നത് ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, അങ്കണവാടികളുടെ ഭരണ വകുപ്പായ വനിതാ-ശിശു ക്ഷേമ വകുപ്പിന്റെയും വീഴ്ചയാണ്. ഭാവിയിൽ എല്ലാ കലണ്ടർ വർഷവും മെയ് 10-നകം അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങളുൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും, മതിയായ പരിശോധന നടത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതുമാണ്. ഈക്കാര്യത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-34 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം

ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ 27അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ ഭൌതിക സാഹചര്യങ്ങൾ സംബന്ധിച്ച് ഐ സി ഡി എസ് സൂപ്പർവൈസർ ലഭ്യമാക്കിയ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | അങ്കണവാടികളുടെ എണ്ണം | 27 |
| 2. | സ്വന്തമായി കെട്ടിടമുള്ളവയുടെ എണ്ണം | 25 |
| 3. | വാടക കെട്ടിത്തിൽ പ്രവർത്തിക്കുന്നവ | 2 |
| 4. | ടോയ്ലറ്റ് സൗകര്യം ഉള്ളവയുടെ എണ്ണം | 24 |
| 5. | ബേബി ഫ്രണ്ട്‌ലി ടോയ്ലറ്റ് ഉള്ളവ | ഇല്ല |
| 6. | ചുറ്റുമതിൽ ഉള്ളവയുടെ എണ്ണം | 10 |
| 7. | വൈദ്യുതി ഉള്ളവ | 25 |
| 8. | കുടിവെള്ളം ലഭ്യമായവ (പൈപ്പ് ലൈൻ :10 + കിണർ : 1 | 11 |
| 9. | കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടും കെട്ടിടം പണിയാത്തവ | 1 |
| 10. | ഗ്യാസ് കണക്ഷൻ ഉള്ളവ | 25 |
| 11. | അങ്കണവാടികളിൽ ആവശ്യത്തിന് ഫർണ്ണിച്ചറുകളും, പാത്രങ്ങളും ഉള്ളവ | 27 |
| 12. | അങ്കണവാടികളിലെ കുട്ടികളുടെ ശരാശരി എണ്ണം | 15 |
| 13. | കമ്പ്യൂട്ടർ/ലാപ്ടോപ്പ് ഉള്ളവ | ഇല്ല |
| 14. | കെട്ടിട നിർമാണം നടക്കുന്ന അങ്കണവാടികളുടെ എണ്ണം | 2 |
| 15. | അങ്കണവാടികളിൽ ധാന്യ സംഭരണികൾ ഉള്ളവ | 27 |
| 16. | കെട്ടിട നിർമാണം നടക്കുന്ന അങ്കണവാടികളുടെ എണ്ണം | 2 |

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ( ആർ.റ്റി) 1830/17 / ത.സ്വ.ഭ.വ തീയ്യതി. 2.6.2017 പ്രകാരം പ്രാബല്യത്തിൽ വന്ന " Administration Manual for Transferred Functions: Anganwadis" ലെ അധ്യായം 3 ഖണ്ഡിക 3.1,3.2 എന്നിവയിലെ നിർദ്ദേശങ്ങളിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. സ.ഉ(കൈ)17/2018/തസ്വഭവ തീയതി 2.2.2018ലെ ഖണ്ഡിക 7.8.2 പ്രകാരം അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുമായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളായ സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണ്ണിച്ചർ ,മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനും, വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവക്ക് സ്വന്തം കെട്ടിടം ഉണ്ടാക്കുന്നതിനും തുടർന്നുള്ള വാർഷിക പദ്ധതികളിൽ ഗ്രാമ പഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഭരണസമിതിയും ഇക്കാര്യത്തിൽ ശ്രദ്ധ കൂടുതൽ പതിപ്പിക്കേണ്ടതാണ്.

പതിനാല് അങ്കണവാടികളിൽ മാത്രമാണ് അങ്കണവാടി തല മോണിറ്ററിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റി യഥാസമയം യോഗം ചേരുന്നത്. അങ്കണവാടി തല മോണിറ്ററിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 മൃഗ സംരക്ഷണ മേഖലയിലെ പ്രൊജക്ടുകൾ - തുടർനടപടികൾ സ്വീകരിക്കണം

എ) 2018-19 വർഷം മൃഗ സംരക്ഷണ മേഖലയിലെ പട്ടിക ജാതി വിഭാഗത്തിലെ അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് താഴെ പറയുന്ന പ്രൊജക്ടുകൾ ആവിഷ്കരിച്ചിരുന്നു

| ക്രമ നം | പ്രൊജക്റ്റ് നം & പേര് | അടങ്കൽ (വികസന ഫണ്ട്) | ചെലവ് | തെരഞ്ഞെടുത്ത ഗുണ ഭോക്താക്കളുടെ എണ്ണം | ആനുകൂല്യം ലഭിച്ച ഗുണ ഭോക്താക്കളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | 82/19 കറവപ്പശു വളർത്തൽ (എസ് സി) | 500000 | 300000 | 49 | 10 | 60 |
| 2 | 83/19 ആട് വളർത്തൽ വനിത (എസ് സി) | 600000 | 120000 | 93 | 10 | 20 |
| 3 | 171/1982/19 കറവപ്പശു വാങ്ങുന്നതിന് സബ്സിഡി (എസ് സി) | 240000 | 0 | സ്പിൽ ഓവർ | 0 | 0 |
| 4 | 90/19 പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി | 312500 | 0 | 13 | 0 | 0 |

പട്ടികജാതി വിഭാഗത്തിനായുള്ള പ്രൊജക്ടുകളിൽ ആവശ്യമായ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നുവെങ്കിലും, ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ എണ്ണം വളരെക്കുറവാണ്. പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി പ്രൊജക്റ്റ് നടപ്പിലാക്കിയിട്ടുമില്ല.

പട്ടികജാതി വിഭാഗത്തിനായി തയ്യാറാക്കുന്ന പ്രൊജക്ടുകളുടെ ഗുണഭോക്തൃ പട്ടികയിൽ മതിയായ അടങ്കൽ തുകയും ഗുണഭോക്താക്കളും ലഭ്യമായിട്ടും ചെലവ് ശതമാനം കുറയുന്നത് ഉചിതമല്ല. ഭാവിയിൽ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട പരമാവധി പേർക്ക് ആനുകൂല്യങ്ങൾ നൽകുവാൻ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) പ്രൊജക്റ്റ് നമ്പർ 91/2019 മൃഗാശുപത്രിയിലേക്ക് സ്കീസ് കേജ് കൂട് വാങ്ങൽ(അടങ്കൽ :30,000.00 ലക്ഷം മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം&ചെലവ് വിവരം : 29,600.00 ( ബിൽ നം 18/26.3.19) പ്രകാരം മെ. സർജ്കെം, മന്നാഡിയാർ ലെയിൻ,തൃശ്ശൂരിന്റെ ഇൻവോയ്സ് നം 405 തീയതി 31.1.19 തുക 29,500.00 അനുസരിച്ച് മൃഗാശുപത്രിയിലേക്ക് സ്കീസ് കേജ് കൂട് വാങ്ങിയിട്ടുണ്ട്.എന്നാൽ ബിൽ നം 18/26.3.19 പ്രകാരം 29600.00 രൂപ പിൻവലിച്ച് മെ. സർജ്കെം ന് നൽകിയിട്ടുണ്ട്. ഇൻവോയ്സിൽ രേഖപ്പെടുത്തിയ തുകയെക്കാൾ 100 രൂപ അധികം നൽകിട്ടുണ്ട്. അധികമായി പിൻവലിച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ച് ചലാന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

## 1-36 സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി-അവലോകനം

കേരളത്തിലെ എല്ലാ ഭവനരഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖയും അംഗീകരിച്ചിട്ടുണ്ട്.
2018-19 വർഷത്തിൽ nagalassery ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകൾ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

<u>ലൈഫ് പദ്ധതി ഒന്നാംഘട്ടം</u>

ലൈഫ് മിഷൻ ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി തൻ വർഷം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആകെയുണ്ടായിരുന്ന 19 ഗുണഭോക്താക്കളിൽ 17 ഗുണഭോക്താക്കളും ( 6 എസ്.സി ഗുണഭോക്താക്കളും 11 ജനറൽ)

ഭവനനിർമാണം പൂർത്തീകരിച്ചു. 2 ജനറൽ ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല. പദ്ധതിക്കായി 2018-19 വർഷത്തിൽ എസ് സി വിഭാഗത്തിന് 1,30,000 രൂപയും ജനറൽ വിഭാഗത്തിന് 5,05,000 രൂപയും ചെലവഴിച്ചു.

<u>ലൈഫ് പദ്ധതി രണ്ടാം ഘട്ടം</u>

